"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്- നാഷണൽ ഹെൽത്ത് മിഷന് കീഴിൽ മലപ്പുറം ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോ. അനൂപ്. റ്റി. എൻ, പാലക്കാട് ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോ. റോഷ്. ടി. വി എന്നിവരുടെ ഡെപ്യൂട്ടേഷൻ കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്

സ.ഉ.(സാധാ) നം.2945/2024/H&FWD തിരുവനന്തപുരം, തീയതി, 04-12-2024

---

പരാമർശം:-

1. 19.09.2023 തിയതിയിലെ സ.ഉ(സാധാ) നം.2409/2023/H&FWD നമ്പർ ഉത്തരവ്.
2. 06.02.2024 തിയതിയിലെ സ.ഉ(സാധാ) നം .346/2024/H&FWD നമ്പർ ഉത്തരവ്.
3. നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 11.10.2024 തിയതിയിലെ എൻ എച്ച് എം /5466/CON (ADMIN) /20 1 8/SPMSU , 06.10.2024 തിയതിയിലെ എൻ എച്ച് എം /2749/CON(ADMIN) /2020/SPMSU നമ്പർ കത്തും അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

നാഷണൽ ഹെൽത്ത് മിഷന് കീഴിൽ മലപ്പുറം ജില്ലാ പ്രോഗ്രാം മാനേജരായി ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോ. അനൂപ്. റ്റി എൻ, പാലക്കാട് ജില്ലാ പ്രോഗ്രാം മാനേജരായി ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോ. റോഷ്. ടി. വി എന്നിവരുടെ ഡെപ്യൂട്ടേഷൻ കാലയളവ് 31/10/2024 ൽ അവസാനിച്ച സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥരുടെ അന്യത്ര സേവനകാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷയും അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് തടസമില്ലായെന്ന് അറിയിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ നിരാക്ഷേപ പത്രവും നാഷണൽ ഹെൽത്ത് മിഷന്റെ

സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹെൽത്ത് മിഷന് കീഴിൽ മലപ്പുറം ജില്ലാ പ്രോഗ്രാം മാനേജരായി സേവനമനുഷ്ഠിച്ചുവരുന്ന ഡോ. അനൂപ്. റ്റി. എൻ, പാലക്കാട് ജില്ലാ പ്രോഗ്രാം മാനേജരായി സേവനമനുഷ്ഠിച്ചുവരുന്ന ഡോ.റോഷ് ടി. വി. എന്നിവരുടെ അന്യത്ര സേവനകാലാവധി 01.11.2024 മുതൽ ഒരു വർഷത്തേക്ക് കൂടി കേരള സർവീസ് റൂൾസ് - ഭാഗം 1, ചട്ടം 140, അനുബന്ധ വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം .

ബന്ധപ്പെട്ട വ്യക്തികൾക്ക് ( സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ) , തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി ( FW1/198/2022-HEALTH)

ഉത്തരവിൻ പ്രകാരം

**Signed by Vipin Kumar. S**
**Date: 05-12-2024 11:13:02**

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

മേലെഴുത്തു നം.ഇഎ3-19467/2024-ആവഡ തിയതി. 12-12-2024

ഡോക്ടർ ഡോ.അനൂപ് ടി എൻ, അസിസ്റ്റന്റ് സർജന് അന്യത്ര സേവനം അനുവദിച്ചു ഉത്തരവായിട്ടുണ്ട് ആയതു അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

Signed by V. Gopakumar

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

Date: 12-12-2024 16:31:11